ഉത്തരം

(എ) ഓണാട്ടുകര പ്രദേശത്തെ തരിശുനിലം കൃഷി യോഗ്യമാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ട്. 2009-10 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം തരിശ് നിലം കൃഷി യോഗ്യമാക്കുന്നതിലേക്കായി 85.55 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം ഓണാട്ടുകര മേഖലയിൽ 2009-10 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കർഷകർക്ക് സൗജന്യമായി നെൽവിത്ത് നൽകുന്നതിന് 5.36 ലക്ഷം രൂപയും വളം സബ്സിഡി നിരക്കിൽ നൽകുന്നതിന് 6.73 ലക്ഷം രൂപയും ട്രാക്ടർ, ടില്ലർ എന്നിവ വിവിധ കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുന്നതിലേക്കായി 18.19 ലക്ഷം രൂപയും ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(സി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകര മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു: ഓണാട്ടുകരയിലെ നിലവിലുള്ള കുളങ്ങൾ, തോടുകൾ, നീരൊഴുക്കുകൾ, പുഴകൾ എന്നിവയുടെ പുനരുദ്ധാരണത്തിനായി 252 കോടി രൂപയ്ക്കുള്ള ഒരു പദ്ധതിക്ക് സംസ്ഥാനതല സാങ്കേതിക ഉപദേശക സമിതി അനുവാദം നൽകിയിട്ടുണ്ട്. ഇത് കേന്ദ്ര സാങ്കേതിക ഉപദേശക സമിതിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. കാർഷിക യന്ത്രങ്ങൾ വാങ്ങി കൃഷിക്കാർക്കു ലഭ്യമാക്കുന്ന പദ്ധതി, തെങ്ങുകൃഷി പുനരുദ്ധാരണത്തിനുള്ള പദ്ധതി, ഓണാട്ടുകര പ്രദേശത്തെ കാർഷിക പ്രശ്നങ്ങളിൻമേൽ ഗവേഷണം നടത്തുന്ന ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി, മൃഗസംരക്ഷണ വകുപ്പ്, മത്സ്യബന്ധന വകുപ്പ് എന്നിവ വഴി നടപ്പിലാക്കുന്ന പശു, ആട് മുതലായ വളർത്തു മൃഗങ്ങളുടെ വിതരണം, മത്സ്യകുഞ്ഞുങ്ങളുടെ വിതരണം എന്നിവ ഉൾപ്പെടുന്ന പദ്ധതി, ജലാശയങ്ങളിലെ കുളവാഴ നിർമ്മാർജ്ജനം ചെയ്തു സംസ്കരിക്കുന്ന പദ്ധതി. മേൽപ്പറഞ്ഞ പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഒന്നുവത്തൂർ മണ്ഡലത്തിലെ നീർത്തട പദ്ധതികൾ

252 (1223) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുവത്തൂർ മണ്ഡലത്തിൽ എത്ര നീർത്തട പദ്ധതികൾക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികൾ ഏതെല്ലാം മേഖലയിൽ ആണെന്നും എത്ര രൂപ വീതമാണ് അനുവദിച്ചത് എന്നും വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികൾക്കായി ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുവത്തൂർ മണ്ഡലത്തിൽ തുമ്പിൽപുറം സബ് വാട്ടർഷെഡ് വരുന്ന ഉപ്പൂട്ട്, ചെറുപൊയ്ക എന്നീ മൈക്രോ വാട്ടർഷെഡ് പദ്ധതികൾക്ക് നാഷണൽ വാട്ടർഷെഡ് ഡവലപ്മെന്റ് പ്രോജക്ട് ഫോർ റെയിൻഫെഡ് ഏരിയാസ് (എൻ.ഡബ്ല്യൂ.ഡി.പി.ആർ.എ.) 11-ാം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതികൾ രണ്ടും വെട്ടിക്കവല ബ്ലോക്കിനു കീഴിൽ പവിത്രേശ്വരം പഞ്ചായത്ത് പരിധിയിൽ വരുന്നവയാണ്. ഇതിൽ ഉപ്പൂട്ട് മൈക്രോ വാട്ടർഷെഡ് പദ്ധതിക്ക് 52.92 ലക്ഷം രൂപയും ചെറുപൊയ്ക വാട്ടർഷെഡ് പദ്ധതിക്ക് 81.64 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഉപ്പൂട്ട് മൈക്രോ വാട്ടർഷെഡിന് 2,19,325 രൂപയും ചെറുപൊയ്ക മൈക്രോ വാട്ടർഷെഡിന് 79,324 രൂപയും ചെലവഴിച്ചിട്ടുണ്ട്.

നെൽവയൽ സംരക്ഷണ നിയമമനുസരിച്ച് കാസർഗോഡ് ജില്ലയിൽ സർവ്വേ

253 (1224) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽവയൽ സംരക്ഷണ നിയമമനുസരിച്ചു കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിൽ സർവ്വേ നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ഡാറ്റാബാങ്ക് തയ്യാറാക്കാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ 38 പഞ്ചായത്തുകളിലും മൂന്ന് മുനിസിപ്പാലിറ്റികളിലും സർവ്വേ നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ട്.

(ബി) എല്ലാ പഞ്ചായത്തുകളിലും ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്.

മടവീണ് കൃഷി നശിച്ച കുട്ടനാട്ടിലെ പാടശേഖരങ്ങൾക്ക് നഷ്ടപരിഹാരം

254 (1225) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ കാലവർഷത്തിലും വെള്ളപ്പൊക്കത്തിലും മടവീണ കുട്ടനാട്ടിലെ ഏതെല്ലാം പാടശേഖരങ്ങൾക്കാണ് നഷ്ടപരിഹാരം അനുവദിച്ചതെന്ന് വിശദമാക്കുമോ ;

(ബി) മടവീണ് കൃഷി നശിച്ച ഏതെല്ലാം പാടശേഖരങ്ങളിൽ കൃഷി പുനരാരംഭിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ?

LIBRARY KERALA LEGISLATIVE ASSEMBLY